# kerala private college teacher

No. 75

November
1987

# അറിയിപ്പുകൾ

## മെമ്പർഷിപ്പ് വേഗം അയയ്ക്കുക

ഇതുവരെ മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തിയാക്കാത്ത കോളേജുകളിൽ നിന്നും അടിയന്തിരമായി മെമ്പർഷിപ്പ് തുക പിരിച്ച് സംസ്ഥാന ട്രഷററർക്ക് അയച്ചുകൊടുക്കുന്ന കാര്യം ബ്രാഞ്ചുസെക്രട്ടറിമാർ ശ്രദ്ധിക്കണം. തുകയോടൊപ്പം കോളേജിലെ മെമ്പർഷിപ്പ് ലിസ്ററു കൂടി അയച്ചുകൊടുക്കണം.

ട്രഷററുടെ മേൽവിലാസം
പ്രൊഫ. എസ്. വിശ്വനാഥൻ
ട്രഷറർ, എ.കെ.പി.സി.ടി.എ.
ടി. സി. 15/337, ശാന്തി ഭവൻ
വെള്ളയമ്പലം, തിരുവനന്തപുരം.

## ജേർണൽ മാററർ

ജേർണലിൽ പ്രസിദ്ധീകരിക്കേണ്ട ലേഖനങ്ങൾ, കത്തുകൾ, ഫോട്ടോകൾ, ജില്ലാ—കോളേജ് വാർത്തകൾ തുടങ്ങിയവ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അയക്കുക. കോളേജ് കൗൺസിൽ ഇലക്ഷൻ, സംഘടനയുമായി ബന്ധപ്പെട്ട മററു പ്രധാന വാർത്തകൾ മുതലായവ അയക്കുന്ന കാര്യം ബ്രാഞ്ചു സെക്രട്ടറിമാരും, ജില്ലാതല വാർത്തകൾ അയക്കുന്ന കാര്യം ജില്ലാ സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കണം.

## മേൽവിലാസം

പ്രൊഫ. കെ. സുകുമാരൻ നായർ,
നാരാണത്ത്, പിള്ളവീട് ലെയിൻ,
കേശവദാസപുരം, തിരുവനന്തപുരം-4.

## ജേർണൽ വരിസംഖ്യ

ഇനിയും ചില കോളേജുകളിൽ നിന്നും ജേർണൽ വരിസംഖ്യ അയച്ചുകൊടുത്തിട്ടില്ല. ചില കോളേജുകളിൽനിന്നും ഭാഗികമായിട്ടേ അയച്ചുകൊടുത്തിട്ടുള്ളു. ജേർണൽ വരിസംഖ്യാ കുടിശിക എത്രയും പെട്ടെന്ന് മാനേജിംഗ് എഡിററുടെ പേർക്ക് അയച്ചുകൊടുക്കണം.

മേൽവിലാസം
പ്രൊഫ. കെ. പി. ദിവാകരൻ നായർ,
ടി. സി. 3/1206, ലക്ഷ്മി നഗർ,
കേശവദാസപുരം, തിരുവനന്തപുരം-4.

# വാർത്തകൾ

## ഡോ. ടി. കെ. രവീന്ദ്രൻ കാലിക്കട്ട് യൂണി: വി. സി.

കേരള സർവ്വകലാശാലാ ചരിത്രവിഭാഗം പ്രൊഫസറും, മേധാവിയുമായിരുന്ന ഡോ. ടി. കെ. രവീന്ദ്രൻ കാലിക്കട്ട് യൂണിവേഴ്സിററിയുടെ അഞ്ചാമത് വൈസ്ചാൻസലറായി അധികാരം ഏറെറടുത്തു. നാല് വർഷത്തേക്കാണ് നിയമനം.

## സംസ്ഥാന ജീവനക്കാർ അവകാശ ദിനമാചരിച്ചു.

ശമ്പളപരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുക, അദ്ധ്യാപകരടക്കമുള്ള ജീവനക്കാർക്ക് മൂന്നാമത്തെ ഗ്രേഡ് നൽകുക, കരിനിയമങ്ങൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ മുൻനിർത്തി അധ്യാപക സർവ്വീസ് സംഘടനാ ഐക്യ സമരസമിതിയുടെ ആഭിമുഖ്യത്തിൽ ജീവനക്കാർ നവംബർ പത്താം തീയതി സംസ്ഥാനവ്യാപകമായി അവകാശദിനം ആചരിച്ചു. വൈകുന്നേരം ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ ജീവനക്കാരുടെ പ്രകടനങ്ങളും പൊതുയോഗങ്ങളും നടന്നു. തിരുവനന്തപുരം താലൂക്ക് കേന്ദ്രീകരിച്ച് ഉച്ചക്ക് സെക്രട്ടറിയേററ് പടിക്കൽ നടന്ന പ്രകടനത്തിന് കെ. വി. ദേവദാസ്, കെ. വി. രാജേന്ദ്രൻ, ജോർജ് വർഗീസ്, പി. കെ. ഗോപിനാഥൻ നായർ തുടങ്ങിയവർ നേതൃത്വം നൽകി.

## ശമ്പളക്കമ്മീഷൻ നിയമനം ഈ വർഷം തന്നെ.

ഈ സാമ്പത്തിക വർഷം തന്നെ ഗവൺമെൻറ് ശമ്പളക്കമ്മീഷനെ നിയമിക്കുമെന്ന് മുഖ്യമന്ത്രി നായനാർ നിയമസഭയിൽ വ്യക്തമാക്കി. അധ്യാപകരും സർക്കാർ ജീവനക്കാരും, ശമ്പളക്കമ്മീഷനെ നിയമിക്കണമെന്നും, കരിനിയമങ്ങൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് ചൊവ്വാഴ്ച അവകാശദിനം ആചരിച്ചതു സംബന്ധിച്ച ഉപക്ഷേപത്തിന് മറുപടി പറയുകയായി

(ശേഷം 13-ാം പേജിൽ)

മുഖക്കുറിപ്പ്

# ബ്യൂറോക്രസിയെ നിലയ്ക്കു നിർത്തണം

സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന്റെ നെടും തൂണായി വർത്തിച്ചിരുന്നത്, വലുപ്പച്ചെറുപ്പമനുസരിച്ച് അവർ പടുത്തുയർത്തിയിരുന്ന ബ്യൂറോക്രസിയായിരുന്നു. ഭരണവും കച്ചവടവും സുഗമമായി നടത്തുന്നതിനും, കൊളോണിയൽ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ബ്രിട്ടീഷ്കാരെ സഹായിക്കുന്നതിന് പരിശീലനം ലഭിച്ചവരായിരുന്നു അന്നത്തെ ഉയർന്ന ഉദ്യോഗസ്ഥൻമാർ. അന്ന് സിവിൽ ഭരണത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത് ഐ. സി. എസ് കാരായിരുന്നു. പൊതുജനങ്ങളുടെ നേർക്ക് അവജ്ഞയിൽക്കവിഞ്ഞ ഒരു വികാരവും ബ്യൂറോക്രസിക്കില്ലായിരുന്നു. ഇന്ന് നമ്മുടെ നാട്ടിൽ സിവിൽ ഭരണത്തിന്റെ കടിഞ്ഞാൺ ഐ എ എസ് ഉദ്യോഗസ്ഥന്മാരുടെ കൈയ്യിലാണ്. പക്ഷേ ഭരണത്തിന്റെ ആ പഴയ 'ഇരുമ്പു ചട്ടത്തിന്" വരേണ്ട മാററം വന്നിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ജനസമ്പർക്കമുള്ള മന്ത്രിമാരും ജനപ്രതിനിധികളും ആഗ്രഹിക്കുന്നകാര്യങ്ങൾ നടപ്പിലാക്കുവാൻ യഥാർത്ഥ ശക്തിയായി വർത്തിക്കുന്ന ബ്യൂറോക്രസി തടസ്സമായി നിൽക്കുന്നു പലപ്പോഴും; കുറഞ്ഞപക്ഷം കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ താമസ്സമെങ്കിലും സൃഷ്ടിക്കുന്നു. ബ്യൂറോക്രസി ഇന്ന് സർവ്വസ്പർശിയാണ്. നൂറുനൂറുകാര്യങ്ങൾക്ക് ഉദ്യോഗസ്ഥഭരണത്തേ സമീപിക്കേണ്ടി വരുന്നു. നീതിയോ, ന്യായമോ സമയത്ത് കിട്ടുന്നില്ല എന്ന പരാതി എവിടെയും കേൾക്കാം. ജനകീയ ആവശ്യങ്ങളുൾക്കൊണ്ടുകൊണ്ട്, കാര്യക്ഷമമായി ഭരണചക്രം തിരിക്കുന്ന ഏതാനും ചില ഉദ്യോഗസ്ഥന്മാരെ മറന്നുകൊണ്ടല്ല ഞങ്ങളിക്കാര്യം പറയുന്നത്.

---

പത്രാധിപസമിതി

ചെയർമാൻ പി. നാരായണൻകുട്ടി, പത്രാധിപർ വി. എൻ. മുരളി

അംഗങ്ങൾ

പി. നരേന്ദ്രൻ, എസ്. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ, കെ. സുകുമാരൻ നായർ, കെ. പി. ദിവാകരൻ നായർ, നെല്ലിക്കൽ മുരളി, എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമ്മൾ, ഡോ. എ. റസലുദീൻ, കവടിയാർ രാമചന്ദ്രൻ. തോമസ് ജോർജ്, ചന്ദ്രബാബു

യു. ജി. സി. സമരകാലത്തെ ശമ്പളം അധ്യാപകർക്കുകൊടുക്കുവാൻ സർക്കാർ തീരുമാനമെടുത്തു. ബന്ധപ്പെട്ട ഫയലിൽ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഒപ്പിട്ടു.പക്ഷേ ഓർഡർ പുറത്തിറങ്ങാൻ വീണ്ടും രണ്ടാഴ്ചപിടിച്ചു. ഓർഡർ ഇറക്കാൻ കഴിയുന്നത്ര താമസം സൃഷ്ടിക്കാൻ ഒന്നു രണ്ട് ഉയർന്ന ഉദ്യോഗസ്ഥന്മാരെങ്കിലും ശ്രമിച്ചിട്ടുണ്ട്. ആവശ്യക്കാരായ നമ്മൾ ഇവരെ സമീപിച്ചപ്പോൾ, കെ. ഇ. ആറും, മാനുവൽ ഓഫ് ഓഫീസ് പ്രൊസീഡ്യുറും ഒക്കെ ഉദ്ധരിച്ച് നമ്മെ അന്ധാളിപ്പിക്കുകയാണുണ്ടായത്. അതേ സമയം ഇവർക്ക് താല്പര്യമുള്ള കാര്യങ്ങളാണെങ്കിൽ മണിക്കൂറുകൾക്കുള്ളിൽ ഓർഡറാക്കി പുറത്തിറക്കുകയും ചെയ്യും.

### കോളേജ് ഓഫീസുകൾ

ഓർഡറിൻെറ അടിസ്ഥാനത്തിൽ ശമ്പള ബില്ലുകൾ എഴുതി അയപ്പിക്കുവാൻ പ്രിൻസിപ്പാളന്മാരേ സമീപിച്ചപ്പോൾ അവരിൽ ചിലർ പല തടസ്സവാദങ്ങളും ഉന്നയിച്ചു; ശനിയാഴ്ചകൾ ജോലിചെയ്തുകൊള്ളാമെന്ന് ഓരോ അധ്യാപകനും എഴുതികൊടുത്താലെ ബില്ലുകൾ അയക്കുകയുള്ളു എന്ന് പറഞ്ഞു. അല്ലാതെ ബില്ലുകളയച്ചാൽ തൻെറ പെൻഷൻ കിട്ടുകയില്ല എന്നു പറഞ്ഞ ഒരു പ്രിൻസിപ്പാൾ ഉണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കുവേണ്ടി പ്രൈവററ് കോളേജ് അധ്യാപകർ സമരം നടത്തിയപ്പോൾ, ആ സമരങ്ങളെ അപലപിച്ചു കാണിക്കാൻ ശ്രമിച്ച ആ പ്രിൻസിപ്പാളിന്, നേരേ ചോവ്വേ ആ പെൻഷൻ വാങ്ങണമെന്ന ബോധോദയം ഇന്ന് ഉണ്ടായിരിക്കുന്നു!

### ഡെ. ഡയറക്ടർ ഓഫീസ്

കോളേജിയേററ് വിദ്യാഭ്യാസ വകുപ്പു ഡയറക്ടറും, അഡീഷണൽ ഡയറക്ടറും, ശനിയാഴ്ച ജോലി ചെയ്തുകൊള്ളാമെന്നുള്ള വ്യക്തിഗതമായ ഉറപ്പിൻെറ ആവശ്യമില്ലെന്നുള്ള നിർദ്ദേശം കൊടുത്തപ്പോൾ, മററു സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ബില്ലു പാസ്സാക്കാൻ ചില ഡപ്യൂട്ടി ഡയറക്ടർമാർ താമസ്സം സൃഷ്ടിച്ചു. നൂറു കണക്കിന് അധ്യാപകരുടെ ശമ്പളബില്ലുകൾ പാസ്സാക്കേണ്ട സമയത്ത്, കൊല്ലം ഡെ. ഡയറക്ടർ, മററാർക്കും ചാർജ് കൊടുക്കാതെ,അവധിയെടുത്ത്പോയി. സമരം ചെയ്യാത്ത അധ്യാപകരുടെ ബില്ലുകൾ പാസ്സാക്കി അയച്ചു; ഇനിയും സമരം ചെയ്തവരുടെ ബില്ലുകളല്ലേ ഉള്ളു; അത് കുറച്ചുകഴിഞ്ഞ് പാസ്സാക്കിയാലും മതി എന്ന വിചാരമായിരിക്കുമോ അവരെ, ചാർജ് കൊടുക്കാതെ, അവധിയിൽ പ്രവേശിക്കാൻ പ്രേരിപ്പിച്ചത് എന്ന് സംശയിക്കുന്നു.

ബില്ലുകൾ പാസ്സാക്കുന്നത് താമസിപ്പിക്കാൻ എങ്ങനെ നിയമത്തെ ദുർവ്യാഖ്യാനം ചെയ്യാം എന്നു നോക്കിയിരിക്കുന്ന തൃശൂർ ഡെ. ഡയറക്ടർ, ഈ പ്രശ്നത്തിലും തൻെറ കർമ്മകുശലത തെളിയിക്കാൻ ശ്രമിച്ചു. സമരം ചെയ്തവരോട് വിരോധം പ്രകടിപ്പിക്കുന്ന തരത്തിലായിരുന്ന ആ ഉദ്യോഗസ്ഥൻെറ പെരുമാററം. തങ്ങൾ ജീവിതത്തിലൊരിക്കലും അവകാശ സമരങ്ങളിൽ പങ്കെടുത്തിട്ടില്ലെങ്കിലും, ഈ നാട്ടിലെ എൻ. ജി.ഒ. മാരും അധ്യാപകരും ശമ്പളം കളഞ്ഞ് നടത്തിയ സമരങ്ങളുടെ ഫലമായി വർദ്ധിപ്പിച്ചുകിട്ടിയ ശമ്പളവും ക്ഷാമബത്തയുമാണ് ഒന്നാം തീയതിതോറും ഒപ്പിട്ടുവാങ്ങുന്നതെന്നബോധം സമര വിരോധികളായ ഈ ഉദ്യോഗസ്ഥന്മാർക്ക് എന്നാണവോ ഉണ്ടാകുക. ഇതിനിടയിലും രണ്ടുമാസം ശമ്പളമില്ലാതെ പ്രയാസപ്പെട്ട അധ്യാപകരുടെ ശമ്പളബില്ലുകൾ കഴിയുന്നതും വേഗം പാസ്സാക്കി കൊടുക്കാൻ ആത്മാർത്ഥമായി ശ്രമിച്ച ഉദ്യോഗസ്ഥ സുഹൃത്തുക്കൾ ഞങ്ങൾക്കാശ്വാസം പകരുന്നു.

സപ്ളിമെൻററിബില്ലുകൾ, കുടിശിക ബില്ലുകൾ, പി. എഫ് ലോൺ അപേക്ഷകൾ തുടങ്ങിയവ പാസ്സായി കിട്ടുന്നതിൽ പ്രൈവററ് കോളേജ് അധ്യാപകർ അനുഭവിക്കുന്നിടത്തോളം ദുരിതം ഇന്ന് വേറൊരു വിഭാഗം ജീവനക്കാരും അനുഭവിക്കുന്നില്ല. ഡെ. ഡയറക്ടർ പണ്ടേവാങ്ങിയ ക്ഷാമബത്തയാണ് കുടിശിക ബില്ലായി പ്രൈവററ് കോളേജിൽ നിന്ന് ചെല്ലുന്നത്. പി. എഫ്. ലോണിന് രാവിലെ അപേക്ഷിച്ചാൽ വൈകിട്ട് പണം കിട്ടുന്ന ഓഫീസാണ്, പ്രൈവററ് കോളേജ് അധ്യാപകൻെറ പി. എഫ്. ലോണപേക്ഷ മൂന്നും നാലും മാസം വച്ച് താമസിപ്പിക്കുന്നത്. ഒരേ ഡയറക്ടറുടെ കീഴിലുള്ള അഞ്ച് മേഖലാ ഡയറക്ടറേററുകളിലും ഒരേ കാര്യത്തിന് വ്യത്യസ്ഥ നിയമങ്ങളും, നിർവഹണ സമ്പ്രദായങ്ങളും നിലനിൽക്കുന്നു എന്നതാണ് മറെറാരു പ്രത്യേകത. ചില ഡെ. ഡയറക്ടർമാരുടെ അഭിപ്രായപ്രകടനം കേട്ടാൽ തങ്ങളുടെ ഓഫീസ് ഒരു സർവ്വതന്ത്രസ്വതന്ത്രപരമാധികാര റിപ്പബ്ലിക്, ആണ് എന്ന് തെററിദ്ധരിച്ചിട്ടുണ്ടോ എന്നു തോന്നും. പ്രൈവററ് കോളേജ് അധ്യാപകരുടെ ശമ്പളം തുടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം അനുവദിച്ചു കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡയറക്ട് പേയ്മൻറ് കാലത്ത് ഈ ഡെ. ഡയറക്ടർ ഓഫീസുകൾ ആരംഭിച്ചത്. എന്നാൽ ഇന്ന് ആ ലക്ഷ്യത്തിനെതിരായിട്ടാണ് ചില ഓഫീസുകൾ നീങ്ങുന്നത്. പ്രശ്നങ്ങളുമായി, തങ്ങളെ സമീപിക്കുന്ന സംഘടനാ പ്രവർത്തകരോട്, വേണ്ടത്ര സ്ററാഫില്ലായ്മയുടെയും മററു പരാധീനതകളുടെയും പട്ടിക നിരത്തി, ത

ങ്ങളുടെ ഓഫീസിനെ ന്യായീകരിക്കാൻ, ഡെ. ഡയറക്ടർമാർ ശ്രമിക്കാറുണ്ട്. ഓഫീസ് മേശപ്പുറത്ത്, കുന്നുപോലെ കൂട്ടിയി ട്ടിരിക്കുന്ന കുടിശികബില്ലുകളുടെയും, പി. എഫ് ലോൺ അപേക്ഷാഫോറങ്ങളുടെയും നടക്കു നിന്ന് ഈ ഉദ്യോഗസ്ഥർ പറയുന്ന ന്യായവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല.

## കോൺഫ്രൻസ് നടത്തണം

ഡെ. ഡയറക്ടർ ഓഫീസിൽ കുന്നുകൂടി വരുന്ന പ്രശ്ന ങ്ങൾ സാമാന്യരീതിയിൽ താത്ക്കാലികമായിട്ടെങ്കിലും പരി ഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നതിന് ഡയറക്ട റേററ് ഉദ്യോഗസ്ഥന്മാരുടെയും അധ്യാപകപ്രതിനിധികളു ടെയും ഒരു കോൺഫ്രറൻസ് വിളിച്ചുകൂട്ടണമെന്നുള്ള എ. കെ. പി. സി. ടി.എ യുടെ നിർദ്ദേശം, കോളേജിയേററ് എഡ്യുക്കേ ഷൻ ഡയറക്ടർ ഇതുവരെ നടപ്പാക്കിയിട്ടില്ല.

## മെഡിക്കൽ റീ ഇംബേഴ്സ്മെൻറ്

പ്രൈവററ് കോളേജധ്യാപകർക്ക് മെഡിക്കൽ 'റീ ഇംബേഴ് സ്മെൻറ് ആനുകൂല്യം 1983 ലെ ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നതും, സർക്കാർ അംഗീകരിച്ചിരുന്നതു മാണ്. അടുത്ത ശമ്പളക്കമ്മീഷനെ വയ്ക്കാൻ സർക്കാർ ആലോ ചിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലും, അത് പ്രൈവററ് കോളേജ് അധ്യാപകന് അനുഭവ വേദ്യമായിട്ടില്ല. നിരവധി നി വേദനങ്ങൾ പലതലങ്ങളിലും പല തവണ കൊടുത്തെങ്കിലും ആവ ശ്യമായ സർക്കാർ ഓർഡർ ഇതുവരെ പുറത്തിറങ്ങിയിട്ടില്ല. ഇതു മായി ബന്ധപ്പെട്ട് സെക്രട്ടറിയേററിലും മററ് ഓഫീസുകളിലും കയറിഇറങ്ങി നടന്ന സംഘടനാപ്രവർത്തകർക്ക് ബ്യൂറോക്രസി യുടെ ജാഡ്യതയും, നിരുത്തരവാദിത്തവും വ്യക്തമായി മനസ്സിലാ ക്കാൻ കഴിഞ്ഞു. മെഡിക്കൽ ബിൽ റീഇംബേഴ്സ്മെൻറ് ചെയ്യാ നുള്ള അധികാരം ഡെ. ഡയറക്ടർക്ക് നൽകിക്കൊണ്ടുള്ള ഓർ ഡർ ഇറങ്ങുവാനുള്ള നടപടിക്രമങ്ങൾ അതിൻെറ അവസാനഘട്ട ത്തിലെത്തിയിരിക്കുന്നതായിട്ടാണ് ഇപ്പോൾ പറയുന്നത്.

---

## മഞ്ചേരിയിലും വിജയം

മഞ്ചേരി എൻ. എസ്. എസ്. കോളേജ് കൗൺസിലിലേയ്ക്ക് നടന്ന തെര ഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികൾ വൻ ഭൂരിപക്ഷത്തിൽ വിജ യിച്ചു. പ്രൊഫ. കെ. സദാശിവൻ നായർ, പ്രൊഫ. എ. ശിവരാമൻ, പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ എന്നിവരാണ് വിജയിച്ചത്.

---

# Study of Educational Administration in India

R. C. Srivastava

How best to plan, organise, administer and run the programmes and activities of educational organisations to enable them to realize their objectives constitute the subject matter of educational administration. Ever since there has been a structure of educational enterprise, all the groups the community, the state or nation government officials, the parents, the teachers and the students have been closely involved in and concerned with the administrative structures, processes and interrelationships within the structures and the processes to the end that educational objective of the institutions are fully attained. The purpose of educational administration is to facilitate teaching and learning, and as Campbell, Corbally and Ramseyer (1968) have stated 'consists of facilitating the development of appropriate goals and policies basic to teaching and learning, stimulating the development of appropriate programmes of teaching and learning and procuring and managing personel and meterial to implement teaching and learning' Since the 'learner' is at the focus of teaching-learning situation, the purpose of educational administration, according to Sir Graham Balfour (1921) specifically is 'to enable the right pupils to receive the right education from right teachers at a cost within the means of the state under conditions which will enable the pupils best to profit by their learning'. Russell T. Gregg (1956) understands administration 'as a process of utilizing appropriate materials in such a way as to promote effectively the development of human qualities concerned not only with the development of children and youth, but also with the growth of adult and particularly with the growth of school personnel.

Administration is a means not an end in itself. It is a process of concentrating the efforts of a group of men effectively on the attainment of common educational goals. It involves guidance, leadership and control of a group of individuals towards implementing the objective and policies of the organization. Educational administation therefore is intended to provide services and mechanisms of a system of procedures which would uphold the school professional objectives. It is devised to avoid misuse of skills, resources time and energy which arises when people concerned with education perform functions for which they are neither trained nor equipped. Administration establishes procedures that enable each decision or situation to be dealt with as part of a coherent pattern rather than as an isolated one of occurance. Educational administration is expected to reduce the number of peaks and troughs by establishing even distribution of power and responsibilities and by avoiding bottlenecks. Sound administrative system establishes open channels or communications and consultations and also proper checks and balances in the functioning of line and staff personnel - both within and between. The larger the educational system/organization the more the need for qualitative processes and procedures for

building up climate and relationships for efficient and effective functioning of the organization.

These objectives and functions of educational administration are the out/come of a series of systematic changes that have taken place in concept of educational administration. There was a time when educational administration was concerned not beyond the tricks of the trade. An experienced teacher would be asked to operate and a minister the educational programmes of the institution on the basis of his personal outlook and individual experience in dealing with people Educational policies were framed by some high ups connected with general administration and were dependent on the politics of the day rather than upon any sound principle or theory of education. Recognition of the inadequacies in the concept of educational administration that was based on individual whims and idiosyncrasies led to the development of what is known as 'Scientific Administration' which laid emphasis on organizational structure and formal relationships among personal to obtain efficiency in operation. 'Scientific Administration' subsequently gave way to the concept of educational administration as 'Social Statesmanships', Leadership, 'Educational Planning' and as 'Human Relationship', in the order.

To-day theoreticians and practitioners of educational administration although largely seem to agree with the scope, functions and tasks of educational administration Illustrated by Luther Gullick (1937) through the memoric device 'OSDCORB' which stands for Planning, organizing, Staffing, Directing, Co-ordinating, Reporting and Budgeting or as given by Fayol (1949) i.e. Planning, Organizing, Directing or Co-ordination and Control, yet the concept of administration continues to be in fluid state. For, there are still people who believe that educational administration needs no special training and that it is in the school of experience that he learns techniques and procedures of administration.

A race is preserved through biological reproduction and culture through social reproduction. The process through which social reproduction takes place is education. The character, purpose, extent and control of education are determined by the culture of which education is a part. The education structure should grow out of the culture, its purposes, values and practices. Changes in cultural values and practices bring about changes in educational structure and its administration. Our schools have become obsolete. They have not kept pace with the renewal activities in society. It is time that educational planners and administrators think of the processes. When the entire nation is attempting to move towards progress, education as an institution cannot afford to remain complacent. It has to keep pace with changes in all spheres including educative processes structure control and administration To some extent educational administration is becoming responsive to the new social demands and the changing educational scene. M. V. Mathur (1971) notes that has a result of development of organization theory science of operational research and impact of behavioural research. The tradtional concept of administration is undergoing change giving place to more comprehensive concept of management.

The field of educational administration is relatively new as a specialised realm of study though the practice is as old as civilization. Educational administration

has developed into a field of specialised study only during the past few decades even in the countries like the U. S. A and the U. K. In India, no doubt from the beginning the teacher preperation programme included some rudiments of the functional aspects of school organization or management through study sometimes of a full paper and mostly as a part of a miscellany of subjects consisting of school organization health and hygiene, or problems of education, or any other such combination but seldom there has been attempt made to familiarize the prospective teacher with a theory of school organisation or management. In fact, until recently there was hardly any body of principles or theoretical models developed for school administration for inclusion in the courses of study at the B. Ed or even at the M. Ed levels. Therefore, not many universities, though they made provision for the study of educational administration as specialized filed of study at an advanced level really offered this subject for specialization in their programme of teaching to the M. Ed students. And those who did offer instructional facilities in this area of study st essed mainly the organizational/structural and functional aspects of educational administration because administration for a long time was not considered beyond the mechanical and routine activity of those senior in age or in profession.

The fact that barring one or two universities no where in India does a separate department exist for educational administration is a clear evidence that this subject is not receiving its due share of attention from the educationists. The researches and books on educational organization/admission therefore are attempting mainly to describe the structural organization and administrative practices in different insitutions and/or in different countries, in many a case without even attempting to analyse the 'why' of those structures/forms, policies and practices, Scarcity of fundamental empirical researches grounded upon adequate theoretical foundation has resulted in the lack of systematic and coherent body of theory in educational administration.

As in other fields of human enterprise the importance of administration of education has been for some time growingly recognised. Attempts have been made to under stand the process of administration and the 'why' of that process. Factors which effect educational administration and distinguish it from other types of administration are being analysed and theoretical model of administrative processes and behaviour are being developed and attempts made to understand administrative processes and practices in relation to the theory of administration. Of late a number of American Universities and some other western universities have begun to offer a comprehensive course in educational administration for persons intenting to enter administrative positions in schools, colleges, universities in government They have established indepartments of educational administration headed by eminent educationists and administrators, and are making available a large body of decsriptive and some analytical literature on the subject. However, the pace of development and growth of educational administration as field of study even in these countries has been slow compared to rapid advancement and some solid theoretical constructs, models and paradigm of administrative structures, processes, practices and behaviour developed for public and business administration.

Althoug the first modern university in India was established in 1858, education as a subject of a study did not find a place in Indian Universities before 1917 Calcutta University Commission in 1917 made positive recommendation that a department of education with a professor and a reader be set up in each university to promote systematic and practical study of science and art of education. Yet, it was not before 1936 that the Bombay University became the pioneer in the field by starting the M. Ed(Master of Education) course followed by the University of Allahabad which started offering the course from 1943 and by 1951 the record shows that 14 other universities were offering the M.Ed course, which in most cases required students to do some research work in the form of a report of a dissertation in part fulfilment of the requirements of the M. Ed degree. Today there are at least 75 universities in India which are offering post-graduate courses and providing facilities for advanced level (Doctoral) research in the subject.

Research in education had its beginning in the early years ef the 20th century and J P. Naik and R. V. Parulekar are though credited for doing some poineering researches in Education in the forties, but few serious attempts in the field were made before the fifties, Available records show that Bombay University was the first and Lucknow University the second Indian University to award the Ph.D. (Education) degree in 1943 and 1949 respectively, and only 9 Ph D Education) degrees had been awarded in Indian universities by 1950. After 1950 gradually other universities also started offering research facilities leading to the Ph. D (Education) degree and it is now on record that by 1980, 1007 Ph.D (Education) degrees had been awarded in Indian universities.

Owing to late appearance of Education as a subject of study at the university level and instruction in Education for a long time having been loaded with application of Psyschology to Education; and departments of Education in universities been closed with Department of Psyschology or Philosphy or both, it is no wonder that fields of study in Educational Sociology, Comparative Education Educational Administration and the like had been kept at bay every-where but particularly so in the Indian setting of the study of Education. Although there had been some sporadic attempts earlier to understand and explore the field of Educational Administration, the state of research and instruction in Educational Administration had not at all been encouraging until 1965 when the Ministry of Education, Government of India sponsored and organised in the Central Institute of Education, Delhi the First All-India Seminar on instruction and Research in Education administration where emphasis was laid on the need for trained educational administrators.

Research in Educational Administration in the Indian educational research scene therefore, barring a few sporadic attempts is, in its true sense no more than a couple of decades old . The first doctoral dissertation concerning the field of Educational Administration appeared to those of the teachers who came from colleges with less authoritarian principals. This may mean, Perhaps, that there is linear positive co-relation between authoritarianism and alienation.

The administrative effectiveness of the college principals is related to teachers alination The relationship, however, is found to be negative This means that less effective the administration of the college Principals higher is the level of alienation

generated in the teachers while the administratively high effective Principals cause low degree of alienation in them.

The Rural-Urban location of colleges is not linked with the level of alienation of teachers.

The alienation level of teachers of the Girls colleges is found to be significantly higher than that of the teachers from Boys colleges. Sex is found to be linked with teachers' alienation, Lady teachers appear to be moreprone to alienation.

Size of the college also emerges to be corelated with teacher alienation. Higher degree of alienation was found to be present in the teachers of larger colleges as compared to that of the teachers of small colleges. Large size of the institution, perhaps causes greater alienation in the teachers.

The teachers of private colleges were found to be having higher degeree of alienation as comparedto the teachers of Government colleges. The Type of management of the institutions also appears to be associated with teachers alienation

# The traitors must lick the boots!

In what can be literally called a poetic justice, the Delhi University Teacher's Association President, M M P Singh, narrated the case of about 10 teachers of a campus College of Delhi University who, violating the DUTA decision, joined their duties.

When they demanded their salary, the Principal of the College wrote to each one of them to state: (i) When did "you' join ?, (ii) Which class have you taught (during the autumn-break), (iii) How many students turned up at each one of them ?, and (iv) How much or what portion of the course have you taught?

Feeling terribly humiliated, they came back to the DUTA and got a good bit of dressing down.

In another College of South Delhi, a habitual 'traitor' who has the dubious record of having locked himself in the laboratory when the Staff Association sat on a dharna outside, demanded his salary. The clerk responsible for preparing the salary gave him a piece of his mind. He was shunted from seat to seat to be told eventually that his salary cannot be made out for the broken number of day he supposedly worked in September. However, it could be made if he could produce a certificate from the Principal that he taught the entire month.

The 'traitors' too are having a tough time with no incentive forthcoming from the authorities.

# ഗാന്ധിജി സർവ്വകലാശാലാ നിയമത്തിലെ 68-ാം വകുപ്പിന്റെ നിർവ്വഹണം ഒരു മാസത്തേയ്ക്ക് സ്റ്റേ ചെയ്തിരിക്കുന്നു

ഗാന്ധിജി സർവ്വകലാശാലാ നിയമത്തിലെ, അന്തർ സർവ്വകലാശാലാ സ്ഥലംമാററങ്ങളെ നിയന്ത്രിക്കുന്ന 68-ാം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ മൂന്നുമാസത്തിനകം നടപ്പിലാക്കണമെന്നുള്ള കേരള ഹൈക്കോടതി വിധിയുടെ നിർവ്വഹണ ഭാഗം ഒരു മാസത്തേക്ക് ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു. സ്ഥലം മാററങ്ങൾക്ക് വ്യവസ്ഥ ഉണ്ടാക്കുക എന്നത്, കേരളത്തിലെ കോർപ്പറേററ് മാനേജ്മെന്റിലെ അധ്യാപകരുടെ ചിരകാലാഭിലാഷമായിരുന്നു. 68-ാം വകുപ്പ് ഗാന്ധിജി സർവ്വകലാശാലയിൽ നടപ്പാക്കണമെന്നുള്ള കോടതി വിധിയെ പൊതുവെ അധ്യാപകർ സംഘടനാ വ്യത്യാസമില്ലാതെ സഹർഷം സ്വീകരിക്കുകയാണുണ്ടായത്. സ്ഥലം മാററാനുള്ള അനിയന്ത്രിതമായ അധികാരത്തിന്റെ മുമ്പിൽ ഭയന്നുവിറച്ച് ആത്മാഭിമാനം പോലും അടിയറവച്ചുകൊണ്ട്, ചില നാട്ടു പ്രമാണിമാരുടെ മുമ്പിൽ വിദൂഷക വേഷം കെട്ടി നടന്നിരുന്ന അധ്യാപകർപോലും, 68-ാം വകുപ്പ് നടപ്പിലാക്കണമെന്നുള്ള കോടതി വിധിയിൽ സന്തോഷംകൊള്ളുകയാണുണ്ടായത്. സമൂഹത്തിൽ കൊണ്ടുവരുന്ന ഓരോ ചിട്ടപ്പെടുത്തലും, തങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദു:സ്വാതന്ത്ര്യത്തിൽ അൽപ്പമെങ്കിലും പോറലേൽപ്പിച്ചാൽ, അവയെ അലങ്കോലപ്പെടുത്തുവാൻ നിക്ഷിപ്ത താൽപ്പര്യക്കാർ തങ്ങളുടെ ആജ്ഞാനുവർത്തികളെ ഉപയോഗിച്ച് എല്ലാവിധ കുത്സിത ശ്രമങ്ങളും നടത്തും. ആ ശ്രമങ്ങളെ എതിർത്ത് തോൽപ്പിക്കുമ്പോഴാണ് സമൂഹത്തിൽ പുരോഗതി ഉണ്ടാകുന്നത്.

എൻ. എസ്. എസ്. കോളേജിലെ ചില അധ്യാപകർ കോതേിയെ സമീപിച്ച് 68-ാം വകുപ്പിന്റെ നിർവ്വഹണത്തിന് ഒരു മാസത്തേ സ്റ്റേ വാങ്ങിയത് മൗലികാവകാശത്തിന്റെ പേരു പറഞ്ഞാണ്. ഈ വകുപ്പിന്റെ പേരിൽ ജൂനിയർ അധ്യാപകർക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്ന ചില സീനിയർ അധ്യാപകരുണ്ട്. ഇന്ന് കോളേജുകളിലുള്ള അധ്യാപകരിൽ പകുതിയിലധികംപേരേയും സർവ്വകലാശാലകളിൽ നിന്ന് വേർപെടുത്തി ബോർഡിന്റെ കീഴിലാക്കി അവരുടെ പദവി താഴ്ത്താനിടയാക്കുമായിരുന്ന പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിന് മുൻ സർക്കാർ ഒരു പദ്ധതി കൊണ്ടുവന്നപ്പോൾ ജൂണിയേഴ്സിനോടുള്ള സ്നേഹം എവിടെപ്പോയിരുന്നു ഇക്കൂട്ടർക്ക്? പ്രീഡിഗ്രി ബോർഡിനെതിരെ എ. കെ. പി. സി. ടി. എ. പണിമുടക്കി സമരം ചെയ്തപ്പോൾ ഇക്കൂട്ടർ ആ സമരത്തോടെടുത്ത മനോഭാവം ജൂണിയർ അധ്യാപകർ മറന്നുപോയെന്നുണ്ടോ. ഓരോ കര പ്രമാണിമാരും കോളേജുകളിൽ കയറിയിറങ്ങി സ്ഥലംമാററ ഭീഷണി പുറപ്പെടുവിച്ച് അധ്യാപകരിൽനിന്നും അരമാസത്തെയും ഒരു മാസത്തേയും ശമ്പളം നിർബന്ധമായി പിരിച്ചെടുത്തുകൊണ്ടിരുന്ന കാലത്ത് ഇക്കൂട്ടരുടെ മൗലികാവകാശബോധം എവിടെ പോയിരുന്നു? അതോ നിർബന്ധപ്പിരിവ് കൊടുക്കുകയും, മററുള്ളവരെക്കൊണ്ട് കൊടുപ്പിക്കുകയും, തങ്ങളുടെ മൗലികാവകാശമാണെന്ന് ഇക്കൂട്ടർ ധരിച്ചിരിക്കുകയാണോ? ഓരോ മാടമ്പിമാരുടെയും ഇംഗിതമനുസ്സരിച്ച്, അധ്യാപകരെ തെക്കുവടക്ക് സ്ഥലംമാററി ദ്രോഹിച്ചുകൊണ്ടിരുന്നപ്പോൾ അതിനു മംഗളപത്രം വായിച്ചുകൊണ്ടിരുന്ന വിദ്വാൻമാർ, ഇപ്പോൾ സ്ഥലംമാററവുമായി ബന്ധപ്പെട്ട് കോർട്ട് ഫീ സ്ററാമ്പും വാങ്ങി കോതേി കയറിയിറങ്ങുന്ന കാഴ്ച ഉൾപ്പുളകത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയുന്നുള്ളൂ.

(ശേഷം 14-ാം പേജിൽ)

(2-ാം പേജിൽനിന്ന് തുടർച്ച)

രുന്നു മുഖ്യമന്ത്രി. ഡൈസ്നോൺ ഉൾപ്പെടെയുള്ള കരിനിയമങ്ങൾ മാററുന്ന കാര്യം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്നും, ഈ സർക്കാർ ഒരു കരിനിയമവും പ്രയോഗിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ക്ഷാമബത്ത വർഷത്തിൽ രണ്ടു തവണ

കേന്ദ്ര സർക്കാറിന്റെ നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ഫോർമുലയനുസരിച്ച് വർഷത്തിൽ രണ്ടുതവണ ക്ഷാമബത്ത അനുവദിക്കും; മാർച്ചിലേയും സെപ്തംബറിലെയും ശമ്പളത്തോടൊപ്പം അത് നൽകും. രാജ്യസഭയിൽ ധനകാര്യ വകുപ്പ് സഹമന്ത്രി ബി. കെ. ഗാഡ്‌വി വെളിപ്പെടുത്തിയതാണ് ഈ വിവരം. 3500 ക. വരെ അടിസ്ഥാന ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് നൂറു ശതമാനം ന്യൂട്രലൈസേഷൻ അനുവദിച്ചിട്ടുണ്ട്. 3501-നും 6000-നും ഇടയ്ക്ക് ശമ്പളം വാങ്ങുന്നവർക്ക് എഴുപത്തഞ്ചു ശതമാനവും 6000 നു മുകളിൽ ശമ്പളം വാങ്ങുന്നവർക്ക് അറുപത്തഞ്ചു ശതമാനവുമാണ് അനുവദിച്ചിട്ടുള്ളത്.

## എൻ. എസ്. എസ്. കോളേജ്, ചേർത്തല

ചേർത്തല എൻ. എസ്. എസ്. കോളേജിൽ ഈ വർഷം നടന്ന കോളേജ് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ എല്ലാ സീററിലും വമ്പിച്ച വിജയം കൈവരിച്ചു. പ്രൊഫ. മഹാദേവൻ പിള്ള (എക്ണോമിക്സ്) പ്രൊഫ. ചന്ദ്രശേഖരൻ നായർ (കെമിസ്ട്രി) പ്രൊഫ. രേവദാസ് (ഇംഗ്ലീഷ്) എന്നിവരാണ് വിജയിച്ചത്. ഇപ്രാവശ്യത്തെ ഇലക്ഷനിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളെ പരാജയപ്പെടുത്താൻ മാനേജ്മെൻറിന്റെ സ്ഥലത്തെ ചില പ്രതിനിധികൾ പ്രത്യേക താൽപ്പര്യമെടുത്തിരുന്നു എന്ന് പറയപ്പെടുന്നു. ഈ വർഷം ജൂൺ മാസത്തിൽ എൻ. എസ്. എസ്. മാനേജ്മെൻറ് പുറത്തിറക്കിയ സ്ഥലംമാററ ലിസ്ററിൽ, ഇ കോളേജിലെ പത്തിലധികം എ. കെ. പി. സി. ടി. എ. പ്രവർത്തകരെ, എല്ലാ സാമാന്യ നീതിയെയും, സാമൂഹ്യ സദാചാര ബോധത്തെയും പരിഹസിക്കുന്ന രീതിയിൽ, സ്ഥലത്തെ ഒരു പ്രമാണിയുടെ ഇംഗിതമനുസരിച്ച്, സ്ഥലം മാററി ദ്രോഹിച്ചിരുന്നു. അതിനു കൂട്ടുനിന്ന വൈതാളികർക്കു പററിയ പരാജയത്തിൽ നിന്നും അവർ പാഠം പഠിക്കുമെന്നു കരുതുന്നു.

## സർവ്വകലാശാലകളിൽ പരീക്ഷാ കലണ്ടർ ഉണ്ടാക്കണം

പരീക്ഷകൾ നിശ്ചിത തീയതികളിൽ നടക്കുമെന്ന് ഉറപ്പു വരുത്താൻ കേരളത്തിലെ സർവ്വകലാശാലകളിൽ പരീക്ഷാ കലണ്ടർ ഉണ്ടാക്കണമെന്ന് ഗാന്ധിജി യൂണിവേഴ്സിററി വൈസ് ചാൻസ്ലർ ഡോ. അനന്തമൂർത്തി നിർദ്ദേശിച്ചു. ഗാന്ധിജി സർവ്വകലാശാലക്ക് യു. ജി. സി. അംഗീകാരം ലഭിക്കാൻ ഉള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്നത്തെ അദ്ധ്യാപന രീതിയിൽ പല പോരായ്മകളും ഉണ്ടെന്നും ആഴത്തിലുള്ള പഠനം നടക്കുന്നതിനാവശ്യമായ സാഹചര്യം നമുക്കിന്നില്ലെന്നും അഭിപ്രായപ്പെട്ടു. ബിരുദാനന്തര ക്ലാസുകളിൽപോലും നോട്ടുകൾ പറഞ്ഞുകൊടുക്കലല്ലാതെ, പ്രതിഭാശാലികളെ കണ്ടെത്താനുള്ള സൗകര്യം ഇന്നില്ല.

ഡോ. സുദർശനനെപ്പോലെയുള്ള പ്രതിഭാശാലികൾ രാജ്യത്തിനു വെളിയിൽ പോയി സേവനമനുഷ്ഠിക്കുന്ന അവസ്ഥയാണിന്നുള്ളത്.

സ്വകാര്യ ട്യൂഷൻ ഉണ്ടെങ്കിലേ വിദ്യാർത്ഥികൾ ജയിക്കൂ എന്നുള്ള ഇന്നത്തെ അവസ്ഥ മാറിവന്നെങ്കിലേ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധിച്ചെടുക്കാൻ കഴിയുകയുള്ളൂ എന്ന് ഡോ. മൂർത്തി അഭിപ്രായപ്പെട്ടു.

(12-ാം പേജിൽനിന്ന് തുടർച്ച)

തങ്ങൾ ഓപ്റ്റ് ചെയ്ത യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ കിട്ടിയില്ലെങ്കിലും, പിന്നീട് അവിടെ വരുന്ന ഒഴിവിൽ സ്ഥലംമാററി കിട്ടാനുള്ള വ്യവസ്ഥ ഉണ്ടാക്കുക ക്ഷിപ്രസാദ്ധ്യമാണ്. വളരെ കുറച്ച് അധ്യാപകർക്ക് കുറച്ചു നാളത്തേക്കുണ്ടാകുന്ന നിസ്സാരമായ അസൗകര്യം, ഭാവിയിൽ, തോന്ന്യവാസമുള്ള സ്ഥലംമാററംമൂലമുണ്ടാകുന്ന വലിയ അസൗകര്യത്തെ ഇല്ലാതാക്കും. അധ്യാപകരെ തെററിദ്ധരിപ്പിക്കാൻ നടക്കുന്ന ബ്ലോളൻമാരെ സൂക്ഷിക്കുക. മന്നത്തു പത്മനാഭൻ എൻ. എസ്. എസ്. കോളേജുകൾക്ക് വേലുത്തമ്പിയുടെയും, പഴശ്ശിരാജായുടെയും, മഹാത്മാഗാന്ധിയുടെയും ഒക്കെ പേരുകളിട്ടു. ഇന്ന് ആ സ്ഥാപനങ്ങളിലൊക്കെ ജയന്തൻ ശങ്കരൻ നമ്പൂതിരിമാരും, മാത്തുത്തരകൻമാരും ഇടയ്ക്കിടയ്ക്ക് പ്രത്യക്ഷപ്പെടുന്നു.



അഖിലേന്ത്യാ പണിമുടക്ക്: ഡൽഹി പ്രകടനത്തിൽ പങ്കെടുത്ത കേരള പ്രതിനിധികൾ

രജതജൂബിലി ആഘോഷിച്ച സംഘടന. പ്രൈവററ് കോളേജ്
അധ്യാപകരുടെ ഏററവും വലിയ സംഘടിത പ്രസ്ഥാനം.
നമുക്കൊരു ഓഫീസുണ്ടാകാൻ ഇനിയും വൈകിക്കൂടാ

## എ കെ പി സി ടി എ കെട്ടിടഫണ്ട് വിജയിപ്പിക്കുക

അഞ്ചുലക്ഷം രൂപ ഉടനെ ശേഖരിക്കുവാൻ
പ്രവർത്തകസമിതി തീരുമാനം
ഓരോ അംഗവും ആദ്യതവണയായി നൂറു രൂപാവീതം
നൽകുവാൻ അഭ്യർത്ഥിക്കുന്നു
തുക ട്രഷറർക്ക് അയയ്ക്കുക

# ചോദ്യോത്തരപംക്തി

Question 1

ഒരു കോളേജിൽ പുതുതായൊരു ഡിപ്പാർട്ടുമെൻറ് രൂപീകൃതമായതോടുകൂടി അവിടുണ്ടായ ആദ്യവേക്കൻസിയിൽ "ഓപ്പൺമെറിററി"ൽ ഒരാളെ നിയമിച്ചു. പിന്നീടവിടുണ്ടായ രണ്ടു വേക്കൻസികളിൽ, ഒരേ തീയതിവച്ചുള്ള പ്രാബല്യത്തോടെ, രണ്ടുപേരെ ഒരുമിച്ചു നിയമിച്ചു. ഒരാളെ ഓപ്പൺമെറിററ് ലിസ്റ്റിൽ നിന്നും മറേറ ആളിനെ കമ്മ്യൂണിററിമെറിററ് ലിസ്ററിൽ നിന്നുമാണ് നിയമിച്ചത്. രണ്ടു പേരും ഒരേ ദിവസം തന്നെ സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു ഈ ഡിപ്പാർട്ടുമെൻറിൽ ആദ്യമായി നടത്തിയ നിയമനം ഓപ്പൺമെറിററ് ലിസ്ററിൽ നിന്നും ആയിരുന്നു എന്നതിനാൽ രണ്ടാമത്തെ നിയമനം കമ്മ്യൂണിററി മെറിററ് ലിസ്ററിൽ നിന്നും നടത്തിയതായി കണക്കാക്കേണ്ടതല്ലേ? കണക്കാക്കേണ്ടതാണ് എന്നാണെങ്കിൽ സീനിയോറിററി ലിസ്ററിൽ രണ്ടാം സ്ഥാനം കമ്മ്യൂണിററി ലിസ്ററിൽ നിന്നും നിയമിക്കപ്പെട്ട ആളിന് ആയിരിക്കേണ്ടതല്ലേ?

C. Suhas,
V. T. M. ധനുവച്ചപുരം

Answer:-

രണ്ടാമതായി നടന്ന നിയമനമായി കണക്കാക്കേണ്ടത് ഏതെന്ന് തിട്ടമായി പറയണമെങ്കിൽ പ്രസക്തമായ ചില കാര്യങ്ങൾ അറിയേണ്ടതുണ്ട്. നിയമനം സംബന്ധിച്ച് ബന്ധപ്പെട്ട മാനേജ്മെൻറ് follow ചെയ്യാൻ തീരുമാനിച്ചുകഴിഞ്ഞ principle എന്ത് എന്നറിയണം. Alternate Vacancy Principle അല്ല, 1-9-1972നു ശേഷം കോളേജിൽ ഉണ്ടായ മൊത്തം വേക്കൻസികളുടെ 50% ഓപ്പൺമെറിററ്, 50% കമ്മ്യൂണിററിമെറിററ് എന്ന പ്രിൻസിപ്പിൾ ആണ് മിക്കവാറും എല്ലാ മാനേജ്മെൻറുകളും follow ചെയ്യുന്നത്. അവർക്കു സ്വീകാര്യമാവുന്നത് ഈ പ്രിൻസിപ്പിൾ ആണ്. ഈ പ്രിൻസിപ്പിൾ പ്രകാരം 1-9-1972നു ശേഷം കോളേജിൽ നടന്ന മൊത്തം നിയമനങ്ങളിൽ Community merit appointment, ഏതെങ്കിലുമൊരു സമയത്ത്, മൊത്തത്തിൻെറ 50%ൽ കൂടുതലാകാൻ പാടില്ല. എന്നാൽ മൊത്തം നിയമനങ്ങളും Open Meritൻെറ അടിസ്ഥാനത്തിലാകുന്നതിൽ തെററില്ല. Dept.ലെ ആദ്യനിയമനം. Open Merit listൽ നിന്നും നടത്തിയെന്ന കാരണത്താൽ അടുത്ത രണ്ടാമത്തെ നിയമനം Community meritൻെറ അടിസ്ഥാനത്തിൽ തന്നെ നടത്തിക്കൊള്ളണമെന്നില്ലെന്നു സാരം. 50% Open merit 50% Community merit എന്ന അനുപാതം നിലനിർത്തണമെന്ന വാശി മാനേജ്മെൻറിനുണ്ടെങ്കിൽ തന്നെ അതിനുവേണ്ടിയുള്ള Community appointment മേൽപ്പറഞ്ഞ Deptൽ തന്നെയാകണമെന്നില്ല. കോളേജിലെ/കോളേജുകളിലെ മറേറതെങ്കിലും Dept-ൽ നടത്തിയാൽ മതി.

സീനിയോറിററിലിസ്ററിൽ രണ്ടാം സ്ഥാനത്തിനർഹത ആർക്കെന്നറിയണമെങ്കിൽ ആദ്യം Dept-ൽ നടത്തിയ നിയമനത്തിനുശേഷം ഓപ്പൺമെറിററിൻെറ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ആൾ, എന്ന് തയ്യാറാക്കപ്പെട്ട Open Merit Selection List-ൽ പ്പെട്ട ആളാണെന്നറിയണം. ആദ്യത്തെ നിയമനം നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയ Selection List-ൽപ്പെട്ട ആളാണയാളെങ്കിൽ നിയമപ്രകാരം രണ്ടാം സ്ഥാനത്തിനർഹത അയാൾക്കുതന്നെ ആയിരിക്കും. അതല്ല, വേക്കൻസികൾ പുതുതായി നോട്ടിഫൈ ചെയ്ത് Interview നടത്തി പുതുതായി, വെവ്വേറെയുള്ള, Selection List-കൾ തയ്യാറാക്കി അവയിൽ നിന്ന് നിയമനങ്ങൾ നടത്തിയെങ്കിൽ സീനിയോറിററി അറിയുന്നതിന്, കാലാകാലങ്ങളിൽ മാനേജ്മെൻറ് തയ്യാറിക്കി യൂണിവേഴ്സിററിക്ക് അയക്കുന്ന "Statement showing the apportionment of vacancies (that arose after 1-9-1972) between the community quota and open Merit quota" പരിശോധിക്കണം. നിയമനം ലഭിച്ചവർക്ക് അതിൽ നൽകപ്പെട്ടിരിക്കുന്ന സ്ഥാനം വച്ച് സീനിയോററിററി നിശ്ചയിക്കാം.

Question-2

നിയമാനുസൃതം നിയമിക്കപ്പെട്ട പ്രിൻസിപ്പലിൻെറ "absence"-ൽ (പ്രിൻസിപ്പൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു എന്നതുമൂലമോ ദീർഘകാല അവധിയിൽ പോയി എന്ന

തുകൊണ്ടോ) "teacher-in charge" ആകുന്ന ടീച്ചർ "Teacher in charge of Principal" എന്ന പേരിലാണോ അതോ "Teacher in charge of the duties of the Principal" എന്ന പേരിലാണോ അറിയപ്പെടുക.

Vivekanandan
S N.C. വർക്കല

Answer:-

ഒരു പ്രൊഫസർ ആണ് "teacher-in-Charge" ആകുന്നതെങ്കിൽ "Professor-in-charge of the duties of the Principal" എന്ന പേരിലാണ് teacher-in-charge" അറിയപ്പെടേണ്ടത്. "In-Charge" ആകുന്ന ആളിനെ ഏൽപിച്ച ചുമതലയെന്തെന്ന് മനസ്സിലാകാത്തതുമൂലമാണ് "Professor-in-charge of Principal എന്നു പ്രയോഗിക്കുന്നത്. There is Principal and he has been entrusted to a Professor to be taken care of" എന്നതാണ് ഒരു College–ലെ സ്ഥിതി (ദുസ്ഥിതി!) യെങ്കിൽ "Professor-in-charge of Principal" എന്ന് ബന്ധപ്പെട്ട പ്രൊഫസറെ വിളിക്കാം. "Mr. 'X' was (put) in charge of the baby" അല്ലെങ്കിൽ "the baby was (put) in Mr. X's Charge = be (put) in his care', എന്ന തരത്തിലല്ലല്ലോ ഒരു College-ൽ "in-charge" നെ വയ്ക്കുക.

Question-3

ഒരു സബ്സ്റ്റാൻറിവ് വേക്കൻസിയിൽ ജോലിചെയ്തുകൊണ്ടിരിക്കേ 1982 January-യിൽ ലക്ചറർ ആയി പ്രൊമോഷൻ ലഭിച്ച ഒരു ടീച്ചർ പ്രൊമോഷൻ due ആയതിനുശേഷം, അന്ന് നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി അനുവദിച്ച ദീർഘകാല അവധിയിൽ (Leave Without Allowances for taking up employment abroad) പ്രവേശിച്ചു. തുടർന്ന്, അതേ ഡിപ്പാർട്ടുമെൻറിൽ 1983 മാർച്ചിൽ Jr. Lecturer ആയി ആദ്യനിയമനം ലഭിച്ച മറ്റൊരു ടീച്ചറിന് 1985 മാർച്ചിൽ ലക്ചറർ ആയി പ്രൊമോഷൻ ലഭിച്ചു. ലീവിൽ പോയിരുന്ന ആൾ അവധികാലം കഴിഞ്ഞ് duty-ക്ക് report ചെയ്തസമയത്ത്, 1983 മാർച്ചിൽ ആദ്യനിയമനം ലഭിച്ച ആൾക്ക് ലീവിൽ പോയി തിരിച്ചുവന്ന ആളിനേക്കാൾ മൊത്തം സർവീസ് കൂടുതൽ ഉണ്ട് എന്ന കാരണത്താൽ ആളിന് നേരത്തേ സർവീസിൽ പ്രവേശിച്ച ഡിപ്പാർട്ടുമെൻറിലെ സീനിയോറിറ്റി നഷ്ടപ്പെടുമോ?

P. P. Sreedharan
S.NC, കണ്ണൂർ

ഉത്തരം:-

ആദ്യം സർവീസിൽ പ്രവേശിച്ച് 1982 January യിലെ ലക്ചറർ ആയി പ്രൊമോഷൻ ലഭിച്ച ആൾ തന്നെ ആയിരിക്കും ഡിപ്പാർട്ടുമെൻറിൽ സീനിയർ. അവധിയിൽ പ്രവേശിച്ചു എന്നതിനാലോ അവധികഴിഞ്ഞു duty ക്ക് report ചെയ്തപ്പോൾ രണ്ടാമത് നിയമനം ലഭിച്ച ആളിന് മൊത്തം സർവ്വീസ് (as Jr. Lecturer and Lecturer both in the same Cadre) കൂടുതൽ ഉണ്ട് എന്ന കാരണത്താലോ ആദ്യം നിയമനം ലഭിച്ച ആളിന് ഡിപ്പാർട്ടുമെൻറിലെ സീനിയോറിറ്റി നഷ്ടമാകുകയില്ല. ആദ്യം നിയമിക്കപ്പെട്ട ആൾ ലീവിലായിരുന്നപ്പോൾ ഉണ്ടായ ഒരു പ്രൊമോഷൻ post (Cadre Professors post) ലേയ്ക്ക്, രണ്ടാമതു നിയമിക്കപ്പെട്ട ആളിനെ previous teaching experience- ൻെറയും മററും അടിസ്ഥാനത്തിൽ പ്രൊമോട്ട് ചെയ്യപ്പെട്ടാൽ, Cadre charge വന്നു എന്നത് കൊണ്ട് Cadre promotion' ലഭിക്കാത്ത, ആദ്യം നിയമനം ലഭിച്ച, ആളിൻെറ സീനിയോറിററി പോകാം. Cadre charge വരുന്നില്ലെങ്കിൽ സീനിയർ ആയ ആളിൻെറ സീനിയോറിററി ഒരു കാരണവശാലും നഷ്ടമാകുകയില്ല. ഇത് മനസ്സിലാക്കാതെ ചെയ്യുന്നതെന്തും നിയമവിരുദ്ധമായിരിക്കും.

Question 4

Some Principals of Private colleges abitrarily decided not to claim, in the Salary Bill (Main Bill) for 9/87 sent before 26-9-87, the Salary in respect of the teachers who had been on strike even for the period from 4-9-1987 to 30-9-87. Can they cite any Rule in justification for what they did?

Vimal kumar
കാട്ടാക്കട

Answer:-

It is true, Some Principals did not claim the Salary of the teachers for the period

# പെൻഷൻപ്രായം-26.9.'87 ന് കാലിക്കട്ട് സിൻഡിക്കേററംഗീകരിച്ച സ്ററാററ്യൂട്ട് ഭേദഗതി

*To consider the Government letter regarding the proposal for the amendment to Chapter I Statute 4 of the Calicut University First Statute 1976 (The first Statute in respect of Pension, Provident Fund of Private College Teachers) in respect of granting Sixty opted teachers in private Collages who are retire on July 2nd or later to continue till the end of the academic year.*

1. The Commissioner and Secretary, in his letter has informed that the Government have now decided to allow the teachers in Private Colleges (who opted 60' years for superannuation Chapter III of Pension Statute) who are to retire on July 2nd or later to continue till the end of academic year as in the case of their counterparts in Schools and in the same terms and conditions. He has also forwarded a copy of the draft resolution and has requested to take follow up action to amend the University Statute accordingly.

The following draft amendment is therefore proposed.

2. Amendment to Statute 4, Chapter I (General) of the Calicut University First Statute 1976 (The First Statute in respect of Pension Provident Fund of Private College Teachers.)

DRAFT AMENDMENT

The following shall be inserted as sub-clause (1) of Statute 4, namely:

" (C) The teachers of Private Colleges (including Principals) who entered service prior to 1-4-1958 and who opt for the age of retirement at 60 years shall be allowed to continue in service till the last day of the month in which the academic year ends if they complete the age of 60 years during the course of an academic year. They shall not be eligible for promotion to another post during the period of such extensions. If they are on leave on the day they attein the age of 60 years and if there is no prospect of their returning to duty before the closing day of the academic year for vaccation, they shall be retired with effect from the last day of the month in which they attain the age of 60 years".

3. The matter is therefore, placed before the Syndicate along with the views of the Standing Committee on Staff of affiliated colleges. (G&A)

---

from 4-9-'87 to 30-9-'87 in the main bill for 9/87, which they had sent to the Counter signing authority on or before 26-9-'87, on the ground that the Government had not "Ordered" the payment of Salary for the Strike period. Their action is quite arbitrary and they can cite no Rule in K. S. R in justification for what they did. Teachers have normal duty in colleges only on working days. From 4th September the colleges remained closed and as Such the days from 4-9-87 to 14-9-87 were holidays. There was no "unauthoriseed abesnce from duty on account of participation in any strike' beyond 3-9-1987. The teachers were therefore, eligible for thier pay and allowances, for the period from 4-9-'87 to 30-9-'87 even without the Government Order dt. 26-9-'87. The Principals' action in question must have been with vile intentions.

—T G—

# അക്കാദമിക് സ്റ്റാഫ് ഓറിയന്റേഷൻ സ്കീം- കാലിക്കട്ട് സർവ്വകലാശാലയിൽ—20-8-'87 നു കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനം

Considered the question of implementation of the Academic Staff Orientation scheme in the University.

Resolved that the proposal submitted by the Director be approved as follows :-

**1. Status of the A. S. C:**

The A. S C. be considered as one of the "Schools of Study and Research" and given the status of an academic department in the University.

**2. Advisory Committee:**

An Advisory Committee for the A. S. C. be set up with the following members :-

1. Vice Chancellor (Chairman)
2. Pro-Vice-Chancellor (Vice-Chairman)
3. Registrar
4. Finance Officer
5. Head of the Department of Education
6. Head of the Department of Psychology
7. Head of the Department of English
8. Head of the Department of Zoology
9. Four Syndicate Members—
    a) Sri G. Madhavan Nair
    b) Sri K. Kunhikrishnan
    c) Sri M. R. Chandrasekharan
    d) Sri G. Padmanabhan Nair
10. Director, Academic Staff College (Convener)

**3. Executive Committee:**

An Executive Committee be set up to take decisions on day to day matters of administration. The decision of the Executive Committee must be considered as binding and University orders issued on the basis of these decisions.

The Executive Committee consist of-

1 Pro-Vice-Chancellor (Chairman)
2. Registrar
3 Finance Officer
4. Sri C. D. George
5. Sri A. Sujanapal
6. Director (Convener)

**4. Core Staff:**

Resolved that the posts of one Stenographer and one Peon be created temporarily for a period of one year to facilitate functioning of the office.

**5. Furniture, Stationary:**

Resolved to give sanction for the purchase of essential office and class room furniture. Also resolved to start the course in October 1987 itself.

## FIP സബ്സ്റ്റിറ്റ്യൂട്ട് സാലറി

## 12.5.87 Substitute salary under faculty improvement programme

No: Plg. 5/103610/83 Office of the Director of Collegiate Edn, Trivandrum, Dated: 12-5-1987

CIRCULAR

*Sub*:- F.I.P. of U.G.C.-Reimbursement of substitute salary- regarding-

The principals of all Private Colleges under the Kerala, Gandhiji and Calicut Universities are instructed to observe the following directions for reimbursement of Substitute Salary under F. I. P. of U.G.C

1. As soon as the teacher is relieved to join the course under F. I. P the vacancy may be filled by posting a substitute. If a ready list for recruitment is not available, the juniormost staff member in the department may be shifted to the deputation vacancy so as to cover the full period of deputation. This adhoc arrangement can be reversed as soon as a regular substitute is ready to be appointed.

2. If there is a superumery hand in the department, he may be posted as substitute and the reimbursement claimed at the minimum of a Junior Lecturer's scale of pay.

3. As far as possible the substitute teacher may be allowed to continue in the deputation vacancy till the deputation period is over. If the substitute has been transferred the Juniormost may be shifted to the deputation vacany.

4. The Principal should sent proposal to U. G. C. at the end of every financial year/soon after the teacher-fellow rejoins duty whichever is earlier. The proforma prescribed by this office may be forwarded after filling all the 22 items under Parts A, B & C.

5. The U.G. C. letter allocating funds and specific approval should be quoted when proposals are sent to U.G.C.in every case.

6. The month wise salary statement quoting the latest D.A, and bonus/Festival allowance if paid, should be enclosed with the proposal for reimbursement.

7. If no Festival Allowance/Bonus is paid to a substitute a Certificate to that effect may be obtained from the Deputy Director of Collegiate Education concerned and communicated to the Director of Collegiate Education.

8. If the U.G. C. raises objections to admit any claim, the case may be reported to Director of Collegiate Education immediately with copy of the U.G.C. letter.

9. If a teacher is working as substitute continuously for more than one year the claim should be inclusive of the increment, automatic promotion benefits etc. to which the teacher is entitled.

10. The claim should be inclusive of vacation salary. If the vacation salary is

# ഗാന്ധിജി യൂണിവേഴ്സിറ്റി സെനറ്റും സിണ്ടിക്കേറ്റും പിരിച്ചുവിടണം — കുളവേലിൽ

ഗാന്ധിജി സർവ്വകലാശാലയുടെ നിലവിലുള്ള നോമിനേറ്റഡ് സെനറ്റും സിൻഡിക്കേറ്റും പിരിച്ചു വിടണമെന്നും, കേരള-കാലിക്കട്ട് സർവ്വകവാശാലകളിലെപ്പോലെ തെരഞ്ഞെടുപ്പ് നടത്തി പുതിയ സമിതികൾ രൂപീകരിക്കണമെന്നും എ.കെ.പി.സി ടി.എ സംസ്ഥാന സെക്രട്ടറി പ്രൊഫ. ജോയ് കുളവേലിൽ ഒരു പ്രസ്താവനയിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. സർവ്വകലാശാലകൾക്ക് ജനാധിപത്യ സ്വയംഭരണ സംവിധാനങ്ങൾ ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ എ.കെ.പി.സി.ടി.എ പ്രതിജ്ഞാബദ്ധമാണ്. കാലാവധി കഴിഞ്ഞിട്ടും നീട്ടിക്കൊടുത്തവയാണ് ഈ സമിതികൾ. അവ വീണ്ടും തുടരാൻ അനുവദിക്കുന്നത് ജനാധിപത്യ ധ്വംസനമാണ്. ഭൂരിപക്ഷവും നിക്ഷിപ്ത താല്പര്യക്കാർ ഉൾക്കൊള്ളുന്ന ഈ സമിതികൾ നിലനിർത്തിക്കൊണ്ട് സർവ്വകലാശാല നേരിടുന്ന പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കാണാൻ കഴിയുകയില്ല.

അതേസമയം, തെരഞ്ഞെടുപ്പുകഴിഞ്ഞ് നാലുമാസമായിട്ടും ഗാന്ധിജി യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിൽ ഔദ്യോഗികമായി രൂപീകരിക്കപ്പെട്ടിട്ടില്ല. കാലാവധി കഴിഞ്ഞ നോമിനേറ്റഡ് സമിതികൾ തുടരുമ്പോൾ, തെരഞ്ഞെടുക്കപ്പെട്ട സമിതികൾ രൂപീകരണം കാത്തുകിടക്കുന്ന സ്ഥിതി ഇനിയും തുടരുന്നത് ആശാസ്യമല്ല.

---

not paid, a Certificate to that effect should be obtained from Deputy Director of Collegiate Education and communicated to Director of Collegiate Education.

11. The substitute salary received from U.G.C should be remitted in lump to Government account immediately on receipt and the original chalan receipt sent to Director of Collegiate Education for verification.

12 The work load of the department should be reckoned on the basis of the student enrolment as on 1st November as provided in the Statutes,

13 Individual files may be maintained for each teacher fellow.

14. As far as possible the remittance with regard to each substitute may be made in separate chalan.

15. A register may be maintained on recording details of deputation and substitute salary.

16. No amount received as substitute salary will be refunded to U.G'C. without obtaining written concurrence of Director of Collegiate Education.

17. A list of pending claims will be reported to the Director of Collegiate Education at the end of every financial year.

Sd/-Special Officer, U.G.C.
For Directot of Collegiate Education

# യു. ജി. സി. സ്കെയിലും, സാമ്പത്തിക ബാദ്ധ്യതയും

സർ,

ഐഫക്ടോയുടെ ആഹ്വാനമനുസരിച്ച് കേരളത്തിലെയും കോളേജ്-യൂണിവേഴ്സിറ്റി അദ്ധ്യാപകർ 32 ദിവസം നീണ്ടുനിന്ന ഒരു ഐതിഹാസിക സമരം നടത്തി. അഖിലേന്ത്യ, സമരം പിൻവലിക്കപ്പെട്ട സാഹചര്യത്തിൽ കേരളത്തിലും സമരം നിർത്തിവയ്ക്കേണ്ടിവന്നു. ഈ സമരം സമ്പൂർണ്ണ വിജയത്തിന്റെ പടിവാതിലിൽ മുട്ടിനിന്ന നിർണ്ണായക ഘട്ടത്തിൽ അഖിലേന്ത്യാ നേതൃത്വം ആ കനകാവസരം കളഞ്ഞു കുളിയ്ക്കുകയാണു ചെയ്തത്. തന്മൂലം അണികളിൽ അമർഷം ആളിപ്പടർന്നു, എങ്കിലും അഖിലേന്ത്യാ സമരത്തിന്റെ പ്രസക്തിയും പ്രാധാന്യവും, ദേശവ്യാപകമായ ഐക്യത്തിന്റെ ആവശ്യവും, സമരത്തിന്റെ വ്യക്തമായ നേട്ടങ്ങളും മനസ്സിലായപ്പോൾ അമർഷം ആറിത്തണുത്തു, യു ജി. സി. സ്കെയിൽ എന്ന നമ്മുടെ ലക്ഷ്യം അടുത്ത ഭാവിയിൽ തന്നെ കേരളത്തിൽ സഫലമാകുമെന്ന പ്രത്യാശയുടെ പ്രകാശം പ്രസരിച്ചു.

ഈ പ്രത്യാശയേകിയത് കേരളത്തിലെ ഇപ്പോഴത്തെ ഭരണത്തിനു നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയും ഗവണ്മെന്റുമാണ്. കേരള സർക്കാർ അഖിലേന്ത്യാ സമരത്തിനു പിന്തുണ പ്രഖ്യാപിക്കുകയും സമരം ചെയ്ത അദ്ധ്യാപകർക്കു ശമ്പളം നൽകുകയും ചെയ്തു. സമരത്തെത്തുടർന്നു 87 സെപ്റ്റംബർ നാലാം തീയതിയുണ്ടായ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ കേന്ദ്രത്തിൽ നിന്നുണ്ടായാലുടൻ അദ്ധ്യാപക സംഘടനകളുമായി ചർച്ചചെയ്തതിനുശേഷം യു.ജി.സി. സ്കെയിലിനെക്കുറിച്ചു തീരുമാനിക്കുമെന്നു സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. യു.ജി.സി. ശമ്പള നിരക്കു നടപ്പിലാക്കുന്നതിന് സംസ്ഥാനങ്ങൾക്കു നൽകേണ്ട കേന്ദ്രധനസഹായം ഉദാരമാക്കുന്ന കാര്യം പരിഗണിക്കാമെന്നു വകുപ്പുമന്ത്രി ലോകസഭയിൽ പ്രഖ്യാപിച്ചിരുന്നു. നാലാം യു ജി.സി. സ്കെയിലുകൾ 1986 ജനുവരി ഒന്നുമുതൽ നടപ്പിലാക്കുവാൻ എല്ലാ സംസ്ഥാന ഗവൺമെൻറുകളുടെയും മേൽ പരമാവധി സമ്മർദ്ദം ചെലുത്താമെന്നും കേന്ദ്രഗവൺമെൻറ് ഒത്തുതീർപ്പിൽ ഉറപ്പു നൽകിയിരിക്കുന്നതിനാലും പ്രത്യാശയുടെ കവാടങ്ങൾ മലർക്കെത്തുറന്നു കഴിഞ്ഞിരിക്കുകയാണ്.

ഇപ്പോഴത്തെ കേരള ഗവൺമെൻറിന്റെ മേൽ ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തേണ്ട ആവശ്യമില്ലല്ലോ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഗവൺമെൻറും ഈ സമരത്തോട് അവലംബിച്ച സമീപനം അതിനു തെളിവാണ്. ഗവൺമെൻറിന്റെ നിലപാട് എന്തെന്നു വളരെ വ്യക്തമാണ്. എന്നിട്ടും എന്തുകൊണ്ടു തീരുമാനം വൈകുന്നു എന്ന പ്രശ്നം സംഗതം തന്നെ. സാമ്പത്തിക പ്രതിസന്ധിമാത്രമാണ് അതിനുള്ള ഏകകാരണം.

കേരളം ഒരു കമ്മി സംസ്ഥാനമാണ്. മറിച്ചുള്ള അവകാശവാദവും, മിച്ച ബഡ്ജററുമൊക്കെ ഉണ്ടാകാറുണ്ടെങ്കിലും അതൊന്നും തന്നെ യാഥാർത്ഥ്യത്തോടു നീതിപുലർത്തുന്നതല്ല. കേന്ദ്രഗവൺമെൻറും ധനകാര്യക്കമ്മീഷനും ഒരിക്കലും കേരളത്തോടു സാമ്പത്തിക വിഷയത്തിൽ നീതികാട്ടിയിട്ടില്ല. അറിൽപ്പരം കോടി രൂപയുടെ ബാദ്ധ്യതയുമായാണ് ഈ സർക്കാർ അധികാരത്തിലേറിയത്. കേരളത്തിൽ ചരിത്രം കണ്ടിട്ടുള്ളതിൽ വച്ചേററവും രൂക്ഷമായ വരൾച്ചയാണ് ഈ വർഷമുണ്ടായിട്ടുള്ളത്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു മതിയായ കേന്ദ്ര വിഹിതം ലഭിച്ചിട്ടുമില്ല.

അധികവിഭവസമാഹരണയത്നം കടുത്ത വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയുമാണ്. ഈ പ്രതിസന്ധിയാണ് യു.ജി.സി. സ്കെയിൽ നടപ്പിലാക്കുന്നതിന് കേരളഗവൺമെൻറിന് പ്രതിബന്ധം സൃഷ്ടിച്ചിട്ടുള്ളത്.

ഈ പ്രശ്നത്തിന് ആശ്വാസകരമായ മറെറാരു വശമുള്ളതു ശ്രദ്ധയിൽപ്പെടുത്തട്ടെ. കേരളത്തിലെ കോളേജ്-യൂണിവേഴ്സിററി അധ്യാപകർ ഉൾപ്പെടെയുള്ള സംസ്ഥാന ജീവനക്കാരുടെ ശമ്പളം 1988 ജൂലൈ 1 മുതൽ പരിഷ്ക്കരിക്കാൻ സംസ്ഥാന ഗവൺമെൻറ് ബാദ്ധ്യസ്ഥമാണ്. 87-88 ലെ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ചെയ്ത പ്രസംഗത്തിൽ ശമ്പളപരിഷ്ക്കരണം യഥാകാലം നടപ്പിലാക്കുന്നതിന് ശമ്പളക്കമ്മീഷനെ നിയമിക്കുമെന്നും പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ ഗവൺമെൻറ് പ്രതിജ്ഞാബദ്ധവുമാണ്. ജീവനക്കാരുടെ ആവശ്യങ്ങളോടും അവകാശങ്ങളോടും തികച്ചും അനുകൂലമായ നയമാണ് ഈ സർക്കാർ അനുവർത്തിച്ചുപോരുന്നതും. 88 ജൂലൈ 1 മുതൽ നടപ്പിലാക്കുന്ന ശമ്പളപരിഷ്ക്കരണം മൂലമുണ്ടാകുന്ന മുഴുവൻ അധികച്ചെലവും സംസ്ഥാന ഗവൺമെൻറു തന്നെ വഹിക്കണമല്ലോ. കേന്ദ്ര ഗവൺമെൻറു ജീവനക്കാർക്കുള്ള നാലാം ശമ്പളക്കമ്മീഷൻെറ അടിസ്ഥാനത്തിലുള്ള വേതന വർദ്ധനവിനുവേണ്ടിയാണ് സംസ്ഥാന ജീവനക്കാർ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ആവശ്യം അതേപടി അംഗീകരിച്ചാലും ഇല്ലെങ്കിലും സംസ്ഥാന ഗവൺമെൻറിനുണ്ടാകുന്ന അധികച്ചെലവ് ഭാരിച്ചതായിരിക്കും. കോളേജ്-യൂണിവേഴ്സിററി അധ്യാപകർക്കു വേണ്ടി ശമ്പള പരിഷ്ക്കരണത്തിൽ വഹിക്കേണ്ടിവരുന്ന അധിക വ്യയം ഒഴിവാക്കാനുള്ള ഒരു പോംവഴിയാണ് യു.ജി. സ്കെയിൽ ഉടൻ നടപ്പിലാക്കുകയെന്നത്. ഈ അധ്യാപകർക്ക് 1986 ജനുവരി ഒന്നുമുതൽ യു.ജി.സി. വേതന നിരക്കുകൾ അനുവദിച്ചാൽ പുതിയ ശമ്പള പരിഷ്ക്കരണത്തിൽ നിന്ന് അവർ ഒഴിവാക്കപ്പെടുകയും സർവ്വകലാശാലാ ധനസഹായക്കമ്മീഷൻെറ ധനസഹായം ലഭിക്കുകയും ചെയ്യുമല്ലോ. തൻമൂലം 88 ലെ ശമ്പള പരിഷ്ക്കരണത്തിൽ ഈ അധ്യാപകർക്കുവേണ്ടി കേരള സർക്കാർ കൂടുതൽ തുകയൊന്നും ചെലവാക്കേണ്ടി വരികയില്ലെന്നു വ്യക്തം. 88 ജൂലൈ ഒന്നിനുമുമ്പ് യു.ജി. സി. വേതനം അനുവദിച്ചാലേ ഈ പ്രയോജനം സംസ്ഥാന ഗവൺമെൻറിനു ലഭിക്കൂ. സംസ്ഥാന ജീവനക്കാർക്കുള്ള പുതിയ ശമ്പള പരിഷ്ക്കരണത്തോടൊപ്പം ഇതനുവദിച്ചാൽ കേന്ദ്രത്തിന് തടസ്സവാദം ഉന്നയിക്കാൻ പഴുതുണ്ടാകുമല്ലോ. പുതിയശമ്പള പരിഷ്ക്കരണത്തിനുവേണ്ടിയുള്ള അധിക ബാദ്ധ്യത ഏറെറടുക്കേണ്ടി വരുമെന്നുള്ളതിനാൽ, അതിനുമുമ്പുതന്നെ യു.ജി.സി. വേതനം അനുവദിച്ചാൽ സംസ്ഥാന ഗവൺമെൻറിന് കൂടുതൽ ചെലവിൻെറ ഭാരം കുറയുമല്ലോ. കേന്ദ്രത്തിൽ ധനസഹായത്തിന് സമ്മർദ്ദം ചെലുത്താൻ ഗവൺമെൻറിനും അധ്യാപകസംഘടനകൾക്കും അർഹതയും കൂടുതൽ അവകാശവും കൈവരികയും ചെയ്യും.

**പ്രൊഫ. പി. മീരാക്കുട്ടി,**
ടി. കെ. എം. ആർട്സ് കോളേജ്,
കൊല്ലം,

---

# എം എസ്.എം. കോളേജ്, കായംകുളം

കായംകുളം എം.എസ്.എം. കോളേജിലെ, കോളേജ് കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പിൽ എതിർ പാനലിലുള്ള സ്ഥാനാർത്ഥികളെ ദയനീയമായി പരാജയപ്പെടുത്തിക്കൊണ്ട് എ.കെ.പി.സി ടി.എ സ്ഥാനാർത്ഥികൾ വമ്പിച്ച വിജയം കൈവരിച്ചിരിക്കുന്നു. പ്രൊഫ. പ്രഭാകരക്കുറുപ്പ്, പ്രൊഫ. നാസറുദീൻ, ശ്രീ സി. എസ്. അരവിന്ദ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

കോളേജ് കോപ്പറേററീവ് സൊസൈററിയിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിലും എല്ലാ സ്ഥാനങ്ങളിലും എ. കെ. പി. സി. ടി. എ പാനലിൽ നിന്നു മത്സരിച്ച സ്ഥാനാർത്ഥികൾ വിജയിച്ചു. പ്രൊഫ. ആർ നാരായണ അയ്യർ, പ്രൊഫ. അബ്ദുൾ ജബ്ബാർ, പ്രൊഫ. കെ. ഇബ്രാഹിം കുട്ടി, പ്രൊഫ. എസ്. ഗോപിനാഥപിള്ള, പ്രൊഫ. ശ്രീധരൻപിള്ള, പ്രൊഫ. സൂസമ്മ ഉമ്മൻ എന്നിവരാണ് വിജയിച്ചത്.

22

*With the best compliments from:*

## SERVING HUMANITY THROUGH SCIENCE FOR OVER SIXTY YEARS

**FOREMOST CONCERN IN INDIA,
DEALING IN SCIENTIFIC APPARATUS,
CLINICAL APPLIANCES,
HOSPITAL EQUIPMENTS, CHEMICALS,
REAGENTS etc.**

# LABORATORY SUPPLIES COMPANY

**G. S. MONIAN**
Mg. Partner

Phone: 77255
76411

P. B. No. 27,

M. G. ROAD,
TRIVANDRUM-1
Grams: RADIUM

**Kerala Private College Teacher**

monthly journal of the all kerala private college teachers' association

No. 75 R. No. M-36025/81 Registered No. KL/TV (N) 35

# വിദ്യാഭ്യാസരംഗത്തെ ശ്രദ്ധേയമായ പ്രസിദ്ധീകരണം

# AKPCTA
# വാർഷികസമ്മേളനപ്പതിപ്പ്

1988
മാർച്ചിൽ
പ്രസിദ്ധീകരിക്കുന്നു

---

ഏതാനും പേജുകൾ
പരസ്യങ്ങൾക്ക്

---

എഴുതുക:

Managing Editor
Kerala Private College Teacher
T. C 3/1206
Kesavadasapuram
Trivandrum-4

printed and published by v. narayanankutty at chempaka printers trivandrum-4 phone: 82127 chief editor v. n. murali.